"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - എൽ.എം.എസ് - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 147/2007 നമ്പർ കേസിലെ ബാലൻസ് തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.154/2026/LSGD തീയതി,തിരുവനന്തപുരം, 18-01-2026

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം IIഅഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.147/2007 നമ്പർ കേസിന്മേലുള്ള 30/01/2010 തീയതിയിലെ വിധിന്യായം.
2. സ.ഉ.(അച്ചടി)നം.32/2019/ധന തീയതി 18/03/2019.
3. സ.ഉ.(സാധാ)നം.1035/2025/തസ്വഭവ തീയതി 25/04/2025.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 01/12/2025 തീയതിയിലെ എ3/1948/2007/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ് - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം. 2785/1-ൽ ഉൾപ്പെട്ട 0.68 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 147/2007 നമ്പർ കേസിൽ പരാമർശം(3) പ്രകാരം 1,14,424/- രൂപ (ഒരു ലക്ഷത്തി പതിനാലായിരത്തി നാനൂറ്റി ഇരുപത്തിനാല് രൂപ മാത്രം) അനുവദിക്കുകയുണ്ടായി. ടി കേസിലെ അവശേഷിക്കുന്ന ബാലൻസ് വിധിക്കടത്തുകയായ 1,648/- രൂപ (ആയിരത്തി അറുനൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം(4) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി എൽ.എം.എസ് - അട്ടക്കുളങ്ങര റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നം.2785/1 (എൽ.എ.റീ.സർവ്വേ നം.2785/4)-ൽ ഉൾപ്പെട്ട 0.68 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 147/2007 നമ്പർ കേസിലെ വിധിക്കടത്തുകയായ 1,648/- രൂപ (ആയിരത്തി അറുനൂറ്റി നാല്പത്തിയെട്ട് രൂപ മാത്രം) ശ്രീ. എസ്. ദിനേശ് ശിവാനന്ദൻ (റ്റി.സി.27/2769, വെള്ളയമ്പലം, കവടിയാർ, തിരുവനന്തപുരം) ടി കേസിലെ കക്ഷിയ്ക്ക് '4217-60-800-93 Payment of Compensation in LR cases (Plan-Charged)' എന്ന

ശീർഷകത്തിൽ നിന്നും നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. എസ്. ദിനേശ് ശിവാനന്ദൻ, റ്റി.സി.27/2769, വെള്ളയമ്പലം, കവടിയാർ, തിരുവനന്തപുരം. (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/372/2025/ത.സ്വ.ഭ.വ.

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 19-01-2026 15:46:13

സെക്ഷൻ ഓഫീസർ